## VII. സ്റ്റാറ്റ്യൂട്ടറി പ്രമേയം

2006-ലെ ഈടുപത്രങ്ങളുടെ ആക്റ്റിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, "സർക്കാർ പൊതുവായ്പ എടുക്കണമെന്ന ആവശ്യത്തിനോ അല്ലെങ്കിൽ ഔദ്യോഗിക ഗസറ്റിൽ സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന മറ്റ് ഏതെങ്കിലും ആവശ്യത്തിനോവേണ്ടി സർക്കാർ സൃഷ്ടിക്കുന്നതും പുറപ്പെടുവിക്കുന്നതുമായ ഈടുപത്രങ്ങൾ പൊതുവിപണിയിലും സ്ഥാപനങ്ങൾക്കും വിനിമയം ചെയ്തിരിക്കുന്നത് 1944-ലെ പൊതുക്കടം ആക്റ്റ് പ്രകാരമാണ്. കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഈടുപത്രങ്ങളുടെ ഭരണനിർവഹണത്തെ സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും കൂടുതൽ സുതാര്യമായ രീതിയിൽ നടപ്പാക്കുന്നതിലേക്കായി ഒരു നിയമം ആവശ്യമാണെന്ന് ഭാരതീയ റിസർവ് ബാങ്ക് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ ഭാഗമായി '2006-ലെ സർക്കാർ ഈടുപത്രങ്ങൾ ആക്റ്റ്' (2006-ലെ 38-ാം കേന്ദ്ര ആക്റ്റ്) പാർലമെന്റ് പാസ്സാക്കിയിരുന്നു. പ്രസ്തുത നിയമത്തിൽ 1944-ലെ

പൊതുക്കടം ആക്റ്റിലെ ഭൂരിഭാഗം വകുപ്പുകളിലെ വ്യവസ്ഥകളും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യുന്നതിന്റെ ഭാഗമായി, 1944-ലെ പൊതുക്കടം ആക്റ്റ് റദ്ദ് ചെയ്യണമെങ്കിൽ 2006-ലെ സർക്കാർ ഈടുപത്രങ്ങൾ ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകളിൽ ഭേദഗതി വരുത്തി 1944-ലെ പൊതുക്കടം ആക്റ്റ് പ്രകാരം പൊതുവിപണിയിൽ സർക്കാർ വിതരണം അല്ലെങ്കിൽ വിനിമയം ചെയ്ത ഈടുപത്രങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്. പ്രസ്തുത വിഷയം ഭാരതത്തിന്റെ ഭരണഘടനയിലെ 7-ാം പട്ടിക പ്രകാരം സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ടതാകയാൽ, 1944-ലെ പൊതുക്കടം ആക്റ്റ് റദ്ദ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനെ പ്രാപ്തമാക്കുന്നതിലേക്കായി, ഭരണഘടനയിലെ 252-ാം അനുച്ഛേദപ്രകാരം സംസ്ഥാനങ്ങൾ ഈ വിഷയത്തിൽ നയപരമായ തീരുമാനമെടുത്ത് അതത് സംസ്ഥാനങ്ങളിലെ നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ 2006-ലെ സർക്കാർ ഈടുപത്രങ്ങൾ ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന്

ഭരണഘടനയിലെ 252-ാം അനുച്ഛേദപ്രകാരം ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാന വിഷയങ്ങളിൽ കേന്ദ്രം നിയമം നിർമ്മിക്കുന്നതിനുവേണ്ടിയുള്ളതാണ് ആർട്ടിക്കിൾ 252. ഇവിടെ നിലവിൽ രണ്ട് കേന്ദ്ര നിയമങ്ങളുണ്ട്. അത് കേന്ദ്ര ലിസ്റ്റിലായതുകൊണ്ടാണ് കേന്ദ്രസർക്കാർ നിയമം നിർമ്മിച്ചത്. Codification of law-യുടെ ഭാഗമായി, അതായത് നിയമങ്ങളെല്ലാം ക്രോഡ്രീകരിക്കുന്നതിന്റെ ഭാഗമായി ഒരു നിയമം ഇല്ലാതാകുന്നതുകൊണ്ട് അതിലെ വകുപ്പുകൾ മറ്റൊരു നിയമത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനാണ് ഇവിടെ പറഞ്ഞ പ്രോസസ്സ് നടത്തുന്നത്. രണ്ട് കേന്ദ്ര ആക്റ്റുകളെ കൂട്ടിയോജിപ്പിക്കുമ്പോൾ സംസ്ഥാനത്തിന്റെ അനുമതി ആവശ്യമാണോയെന്നും ആർട്ടിക്കിൾ 252 ഇവിടെ ബാധകമാണോയെന്നുമുള്ള ഒരു ലീഗൽ doubt ഞാൻ ആദ്യമായി ഉന്നയിക്കുകയാണ്. അത് കേന്ദ്രം ആവശ്യപ്പെട്ടിട്ടാണ് ഇങ്ങനെ നൽകുന്നതെങ്കിൽ ഞാൻ അത് പ്രസ്സ് ചെയ്യുന്നില്ല. ഇവിടെ നാം

കാണേണ്ടത്, രണ്ട് കേന്ദ്ര നിയമങ്ങളെ കൂട്ടിയോജിപ്പിക്കുമ്പോൾ അതിന് എന്തിനാണ് സംസ്ഥാനത്തിന്റെ അനുവാദം വാങ്ങുന്നത് എന്നതാണ്. അത് ആർട്ടിക്കിൾ 252-ൽ വളരെ കൃത്യമായി പറയുന്നുണ്ട്. ‘ If it appears to the Legislatures of two or more States to be desirable that any of the matters with respect to which Parliament has no power to make laws for the States except as provided in Articles 249 and 250 should be regulated in such States by Parliament by law, and if resolutions to that effect are passed by all the Houses of the Legislatures of those States, it shall be lawful for Parliament.’ എന്നാണ് ആർട്ടിക്കിൾ 252-ൽ പറയുന്നത്.

സംസ്ഥാന വിഷയങ്ങളിൽ പാർലമെന്റ് നിയമം പാസാക്കുമ്പോഴാണ് ഇത് ആപ്ലിക്കബിൾ ആകുന്നത്. പക്ഷേ ഇവിടെ രണ്ട് കേന്ദ്ര നിയമങ്ങളെയാണ് കൂട്ടിയോജിപ്പിക്കുന്നത്. അതിന് എന്തിനാണ് സംസ്ഥാനത്തിന്റെ അനുവാദം എന്നാണ് ഞാൻ ഉന്നയിക്കുന്നത്. അതോടൊപ്പം കേന്ദ്രം ആവശ്യപ്പെട്ടിട്ടാണ് ഇങ്ങനെയൊരു പ്രമേയം പാസാക്കുന്നതെങ്കിൽ ഇവിടെ നമ്മുടെ അനുവാദവും സമ്മതവുമാണ്

ചോദിക്കുന്നത്. പക്ഷേ പ്രമേയത്തിന്റെ ഘടന എങ്ങനെയാണ്? സർക്കാർ ഈടുപത്രങ്ങൾ ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെടുന്നുവെന്നാണ് പ്രമേയത്തിന്റെ അവസാനഭാഗത്ത് പറയുന്നത്. അതുകൊണ്ട് ആ രീതിയിലല്ല ഇതിന്റെ ഘടന വരേണ്ടത്. അതാണ് ഞാനിവിടെ ഭേദഗതിയായി ഉന്നയിക്കുന്നത്.

പ്രമേയത്തിന്റെ അവസാന ഭാഗത്തെ "നിയമസഭയിൽ ഒരു പ്രമേയം പാസാക്കേണ്ടത് അനിവാര്യമാണ്." എന്നതിന് ശേഷമുള്ള ഭാഗം ഒഴിവാക്കി താഴെപ്പറയുന്നത് ചേർക്കുക.

"ആയതിനാൽ മേൽ വിവരിച്ച ഭരണഘടന വ്യവസ്ഥകൾ പാലിക്കുന്നതിനായി 2006-ലെ സർക്കാർ ഈടുപത്രങ്ങൾ ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് വേണ്ടി കേന്ദ്ര സർക്കാർ നിയമനിർമ്മാണം നടത്തുന്നതിന് ഈ നിയമസഭയ്ക്ക് യോജിപ്പാണുള്ളതെന്ന് ഈ പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നു."

ഇതിൽ കേരള നിയമസഭയ്ക്ക് യാതൊരു ഒബ്ജക്ഷനുമില്ലെന്ന് ഈ പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നു. ഭേദഗതിക്ക്

ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞങ്ങൾ അങ്ങോട്ട് ആവശ്യപ്പെടേണ്ട കാര്യമില്ലായെന്നാണ് ഈ പ്രമേയത്തിന്റെ ഭേദഗതി. ഘടനാപരമായി ഞാൻ മുന്നോട്ടുവച്ച ഭേദഗതി ശരിയെന്ന അഭിപ്രായംകൂടി രേഖപ്പെടുത്തുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഇതിനെ enrich ചെയ്യാൻ സഹായകരമായതാണ്. നമുക്ക് നേരത്തെ ഒരു നിയമമുണ്ടായിരുന്നു. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് 2006-ലെ ആർ.ബി.ഐ.-യുടെ ഡയറക്ഷൻ അനുസരിച്ച് ഒരു നിയമമുണ്ടാക്കി. 1944 മുതൽ കടപത്രരംഗത്തും പൊതുവിപണിയിലും എടുത്തിരുന്ന തീരുമാനങ്ങൾ നിലനിൽക്കണമെങ്കിൽ 2006-ലെ ഈ അമെന്റ്മെന്റ്കൂടി വരണം. ഇതാണ് ബേസിക് പ്രശ്നം. 1944 മുതൽ എടുത്തിട്ടുള്ള നടപടിക്രമങ്ങൾ ലീഗലൈസ് ചെയ്യാനുള്ള നടപടിക്രമമാണ് 2006-ലെ ആക്റ്റ്. അതിന് എല്ലാ സംസ്ഥാനങ്ങളുടെയും അനുമതി ആവശ്യമാണ്. അതിന്റെ ഭാഗമായാണ് ഈ പ്രമേയം കൊണ്ടുവന്നത്. അതുകൊണ്ട് ഇവിടെ അവതരിപ്പിച്ച സ്റ്റാറ്റ്യൂട്ടറി പ്രമേയത്തിൽ അതെല്ലാം കൺക്ലൂസീവായിട്ടുണ്ട്. അതുകൊണ്ട് അതുതന്നെ

അംഗീകരിക്കുന്നത് നല്ലതെന്നാണ് എന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

സ്റ്റാറ്റ്യൂട്ടറി പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കിയിരിക്കുന്നു.